LIBRARY ARCHIVES Kerala Legislative Assembly

സംസ്കൃത പഠന കേന്ദ്രങ്ങൾക്ക് ധനസഹായം

96 [2986] ശ്രീ. എം. എ. ചന്ദ്രശേഖരൻ :
,, ടി. യു. രാധാകൃഷ്ണൻ :
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ വ്യക്തികൾ നടത്തുന്ന എത്ര സംസ്കൃത പഠന കേന്ദ്രങ്ങളുണ്ട്;

(ബി) ഇവയ്ക്ക് എന്തെങ്കിലും സാമ്പത്തിക സഹായം ഗവൺമെന്റ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇത്തരം സംരംഭങ്ങൾക്ക് ധനസഹായം നൽകുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വോളന്ററി ഓർഗനൈസേഷൻ എന്ന രീതിയിൽ നടത്തപ്പെടുന്ന 24 സംസ്കൃത പഠന കേന്ദ്രങ്ങളുണ്ട്.

(ബി ആന്റ് സി) സംസ്ഥാന ഗവൺമെന്റ് നൽകുന്നില്ല. വോളന്ററി ഓർഗനൈസേഷൻ എന്നയിനത്തിൽപ്പെട്ട സംസ്കൃത സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാർ നേരിട്ട് ധനസഹായം നൽകുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ സഹിതം സംസ്ഥാന സർക്കാറിന് സമർപ്പിക്കുകയും ഇപ്രകാരമുള്ള പ്രൊപ്പോസലുകൾ സംസ്ഥാന സർക്കാരിന്റെ ശുപാർശ സഹിതം കേന്ദ്ര സർക്കാറിന്റെ മാനവ വിഭവ ശേഷി മന്ത്രാലയത്തിനു കീഴിലുള്ള സ്ഥാപനമായ രാഷ്ട്രീയ സാൻസ്ക്രിറ്റ് സംസ്ഥാന് സമർപ്പിക്കുന്നു. അർഹമായതുക ഈ സ്ഥാപനം നേരിട്ട് സംസ്കൃത സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകുന്നു.

കാസർഗോഡ് ജില്ലയിലെ ചിറ്റാരിക്കൽ ഉപജില്ലയിൽ എയ്ഡഡ് സ്കൂളുകളിലെ നിയമനം

97 [2987] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ എയ്ഡഡ് സ്കൂളുകളിൽ പുതുതായി അനുവദിച്ച ഡിവിഷനുകളിൽ നിയമനം നടത്തുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;